"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - രാജാക്കാട് ഗ്രാമപഞ്ചായത്ത് - 'രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം' എന്ന പ്രവൃത്തി - ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.222/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം 1 16.11.2019 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/9385/2019/J 5 നമ്പർ കത്ത്

2 രാജാക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.09.2019ലെ സാധാരണ യോഗത്തിലെ 4(1) നമ്പർ തീരുമാനം

3. സ.ഉ (സാധാ) നം. 344/2020/ധന തീയതി 14/01/2020

ഉത്തരവ്

രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം എന്ന പ്രവൃത്തി 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിൽ Work Appendix-Volume II- ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 2209 ആയി ഉൾപ്പെട്ടിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ടി പ്രവൃത്തിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് പരാമർശം (1) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തി നിർമ്മിതികേന്ദ്രം മുഖേന നിർവ്വഹണം നടത്തുന്നതിന് രാജാക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (2)പ്രകാരം തീരുമാനമെടുത്തിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 2019-2020 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിയില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ വാല്യം രണ്ടിൽ, 20% തുക വകയിരുത്തിയിരിക്കുന്ന വർക്കുകളിൽ ഒന്ന് (ഓരോ നിയമസഭ മണ്ഡലത്തിലെയും ബഹു.എം.എൽ.എ. ശിപാർശ ചെയ്യുന്ന പ്രവൃത്തി അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ള പ്രവൃത്തി) അനുവദിക്കാവുന്നതാണ് എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിൽ Work Appendix-Volume II- ൽ

(ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ )ക്രമ നമ്പർ 2209 ആയി ഉൾപ്പെട്ട രാജാക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തി നിർമ്മിതികേന്ദ്രം മുഖേന നിർവ്വഹണം നടത്തുന്നതിന്, ടി പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ഇത് സംബന്ധിച്ച ചെലവ് 4515-00-800-92 (NP)'എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത്,ഇടുക്കി .

ഫിനാൻസ് വകുപ്പ്(1376603/ഡെവ .3/184/2019/ധന.തീയതി18.01.2020)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ